# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4193** — **24.06.2019 ലെ മറുപടി**

## ഉള്ളൂർ തോടിന്റെ ശുചീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ : | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ആമയിഴഞ്ചാൻ തോടിന്റെ ഭാഗമായുള്ള ഉള്ളൂർ തോടിൽ വർഷങ്ങളായി ശുചീകരണം നടത്താത്തതിനാൽ എക്കലും മാലിന്യവും അടിഞ്ഞ് പല ഭാഗത്തും ഒഴുക്ക് നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കഴിഞ്ഞ പ്രളയകാലത്ത് ഈ തോട് കരകവിഞ്ഞ് ഒഴുകി പട്ടം കുഴിവയൽ, ഗൗരീശപട്ടം ഭാഗങ്ങളിലെ വീടുകളിൽ മലിനജലം കയറി നാശനഷ്ടം വിതച്ചത് സംബന്ധിച്ച് പരാതി നൽകിയിട്ടും ഈ തോടിലെ മാലിന്യം നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്; | (ബി) & (സി) പട്ടം, കുഴിവയൽ, ഗൗരീശപട്ടം എന്നീ ഭാഗങ്ങളിലൂടെ ഒഴുകുന്ന തോടുകളിൽ പ്രളയത്തിൽ വന്നടിഞ്ഞ എക്കലും മാലിന്യങ്ങളും നീക്കുന്നതിന് എസ്.ഡി.ആർ. എഫിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഉള്ളൂർ മുതൽ പുത്തൻപാലം വരെയുള്ള തോട് സംരക്ഷണ ഭിത്തിയുടെ നിർമ്മാണത്തിന് 2019-20 ബഡ്ജറ്റിൽ 9 കോടി രൂപയുടെ എസ്റ്റിമേറ്റിൽ 1.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) മുറിഞ്ഞപാലം സീവേജ് പമ്പ് ഹൗസിൽ നിന്നും സമീപത്തെ ആശുപത്രികളിൽ നിന്നും മാലിന്യങ്ങൾ തള്ളുന്നത് ഈ തോടിലേക്കാണ് എന്ന സ്ഥിതിവിശേഷം പരിഗണിച്ച് എക്കലും മാലിന്യവും നീക്കം ചെയ്ത് തോടിന്റെ ആഴം കൂട്ടുവാൻ അടിയന്തരനടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ